## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2700 — 12.03.2018 ലെ മറുപടിയ്ക്ക്

### എഞ്ചിനീയറിംഗ് കോളേജുകൾക്ക് ശേഷി വികസന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അനിൽ അക്കര | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾക്കായി ശേഷിവികസന പദ്ധതി ആരംഭിക്കാൻ ഉദ്ദേശമുണ്ടോ; വിശദാംശം നൽകുമോ; | (എ),<br>(ബി),<br>(സി),<br>&<br>(ഡി) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ സ്കിൽ ഡെവലപ്പ്മെന്റ് പ്ലാറ്റ്ഫോം കേരള (എസ്.ഡി.പി.കെ) നടപ്പാക്കുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായി വരുന്നു. സാങ്കേതിക വൈദഗ്ധ്യത്തോടൊപ്പം തൊഴിൽപരമായ ഔചിത്യം കൂടി വികസിപ്പിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനാണ് ഇതു വഴി ലക്ഷ്യമിടുന്നത്. ഐ.സി.റ്റി അക്കാദമി ഓഫ് കേരള ആണ് ഈ ശേഷി വികസന പരിശീലനത്തിന്റെ പാഠ്യ പദ്ധതി തയ്യാറാക്കലും നടത്തിപ്പും ഏറ്റെടുത്തിട്ടുള്ളത്. നിലവിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും അർഹരായ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാനാണ് ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് അന്തിമ രൂപം നൽകി വരുന്നു. |
| (ബി) ഈ പദ്ധതിയിലൂടെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പുതിയ സാങ്കേതികവിദ്യകളിൽ പരിശീലനം ലഭിക്കുമോ; | | |
| (സി) ഇതിനായുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന വിദഗ്ധരുടെ പാനൽ എപ്രകാരമാണ് തയ്യാറാക്കുന്നത്; | | |
| (ഡി) ഇതിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ